# കേരള കാർഷികസർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

കാസറഗോഡ്-671310, 0467 226 0632, rarspil@kau.in


ബി3-5118/2023 തീയതി: 23.10.2024

## ദർഘാസ് പരസ്യം

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **B3-5118/2023** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **01.11.2024, 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **01.11.2024, 3.30 മണി** |
| ദർഘാസ് കാലാവധി | **1 year** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| നിരത ദ്രവ്യം | **1000** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **"UPS, Battery എന്നിവ സപ്ലൈ ചെയ്യുന്നതിനുള്ള ദർഘാസ്"** |

കേരള കാർഷിക സർവകലാശാല പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് താഴെ പറയും വണ്ണം UPS, Battery എന്നിവ സപ്ലൈ ചെയ്ത് ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തിപ്പിച്ച് തരുന്നതിനായി മത്സരാടിസ്ഥനത്തിലുള്ള മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| Particulars | Qty | Warranty |
|---|---|---|
| 2 KVA offline UPS | 1 no | 4 years replacement warranty |
| 12 V 150 Ah tubular battery | 2 no | |

- **ഫാമിലെത്തിച്ച് ഇൻസ്റ്റാൾ ചെയ്യേണ്ട തുകയാണ് (ടാക്സ് ഉൾപ്പെടെ) ക്വട്ടേഷനിൽ കാണിക്കേണ്ടത്.**
- **യുപിഎസ്, ബാറ്ററികൾ ഇൻസ്റ്റാൾ ചെയ്തതിനുശേഷം പ്രവർത്തിപ്പിച്ച് കാണിക്കേണ്ടതാണ്.**
- **ഗുണനിലവാരമുള്ളവയാണ് സപ്ലൈ ചെയ്തത് എന്ന് വിതരണക്കാർ ഉറപ്പുവരുത്തേണ്ടതാണ്.**
- **യു.പി.എസിനും ബാറ്ററികൾക്കും 4 വർഷവും മുഴുവൻ വാറണ്ടി ഉണ്ടായിരിക്കേണ്ടതാണ്**
- **മേൽ പറഞ്ഞ ഇനങ്ങൾക്ക് കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ അംഗീകൃത സർവ്വീസ് സെന്ററുകൾ ഉണ്ടായിരിക്കണം.**

1. പുറത്തെഴുത്ത് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസ് നിരത ദ്രവ്യം ഉള്ളടക്കം ചെയ്ത് മേൽ സൂചിപ്പിച്ച വിലാസത്തിൽ **01.11.2024** ന് **3.00** മണിക്ക് മുമ്പായി എത്തിക്കേണ്ടതാണ്. നിരത ദ്രവ്യം, ദർഘാസ് സമർപ്പിക്കുമ്പോൾ നേരിട്ട് അടയ്ക്കുകയോ, അസോസിയേറ്റ് ഡയറക്ടർ, ആർ.എ.ആർ.എസ് പിലിക്കോടിന്റെ പേരിൽ എസ്.ബി.ഐ, കയ്യൂർ ശാഖയിൽ മാറാവുന്ന ചെക്ക്/ഡ്രാഫ്റ്റ് ആയോ ദർഘാസിന്റെ കൂടെ ഉള്ളടക്കം ചെയ്യാവുന്നതോ ആകുന്നു. നിശ്ചിത

സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കൃത്യ സമയത്ത് കിട്ടിയ ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്കുതന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്ന തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.

2. വിജയിയായ ദർഘാസുകാരൻ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം യു.പി.എസ്, ബാറ്ററി എന്നിവ ഇൻസ്റ്റാൾചെയ്ത് പ്രവർത്തന സജ്ജമാക്കേണ്ടതാണ്. ഇതിനുശേഷം ബിൽ ഹാജരാക്കിയാൽ തുക ചെക്ക്/ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതായിരിക്കും.
3. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
4. ദർഘാസ് ലഭിക്കുന്നയാൾ ക്വട്ടേഷൻ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അടക്കേണ്ടതാണ്.
5. ജോലിക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മുതലായ പാലിക്കാനുള്ള ഉത്തരവാദിത്തം പൂർണ്ണമായും കരാറുകാരന്റേതായിരിക്കും. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
6. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-

ഡോ.വനജ.ടി

അസോസിയേറ്റ് ഡയറക്ടർ

സ്വീകർത്താവ്:

1. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
2. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി

പകർപ്പ്:

1. ശ്രീ.രതീഷ്.പി.കെ, അസോസിയേറ്റ് പ്രൊഫസർ, i/c ഫാം
2. ഫാം സൂപ്രണ്ട്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ